കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്, എഴാം നില
തമ്പാനൂർ, തിരുവനന്തപുരം- 695001
**E-mail: ceekinfo.cee@kerala.gov.in**
**Telephone: 0471 - 2525300**

## പത്രക്കുറിപ്പ്

### പി.ജി. ദന്തൽ 2024 പ്രവേശനം

### റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കണം

2024-25 അദ്ധ്യയന വർഷത്തെ പി.ജി. ദന്തൽ പ്രവേശനവുമായി ബന്ധപ്പെട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കിയിട്ടുളളവരിൽ റീഫണ്ടിന് അർഹതയുള്ള വിദ്യാർ ത്ഥികൾ ക്ക് തുക ബാങ്ക് അക്കൗണ്ട് വഴി തിരികെ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു. റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റീഫണ്ട് ലഭിക്കാൻ അർഹതയുള്ള വിദ്യാർത്ഥികൾ www.cee.kerala.gov.in എന്ന വെബ് സൈറ്റിലെ **'PG Dental 2024 Candidate Portal'** എന്ന ലിങ്കിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ നൽകി പ്രവേശിച്ച് 'Submit Bank Account Details' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അവരവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ **15.12.2024 വൈകിട്ട് 5 മണി** വരെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ് സൈറ്റിലെ വിജ്ഞാപനം കാണുക. അക്കൗണ്ട് വിവരങ്ങൾ കൃത്യമായി നൽകാത്തവരുടെ തുക ഇനിയൊരറിയിപ്പില്ലാതെ തന്നെ സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: 0471 - 2525300

**ജോയിന്റ് കമ്മീഷണർ (കമ്പ്യൂട്ടർ)**
**പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി**

തിരുവനന്തപുരം
04-12-2024